ONE CASTE
ONE RELIGION
ONE GOD

# ശ്രീനാരായണ ട്രെയിനിംഗ് കോളേജ്

നെടുങ്ങണ്ട, വർക്കല

# പരിസ്ഥിതി വാരാഘോഷം

## ജൂൺ 5 മുതൽ 12 വരെ

# അന്തർകലാശാല
# പോസ്റ്റർ രചനാ മത്സരം

12.06.2018

സംഘാടനം

**സൂര്യകാന്തി നേച്ചർ ക്ലബ്**

ശ്രീനാരായണ ട്രെയിനിംഗ് കോളേജ്, നെടുങ്ങണ്ട

സർ / മാഡം,

ശ്രീനാരായണ ട്രെയിനിംഗ് കോളേജിലെ സൂര്യകാന്തി നേച്ചർ ക്ലബ്ബിന്റെ ആഭിമുഖ്യ ത്തിൽസംഘടിപ്പിക്കുന്ന പരിസ്ഥിതി വാരാഘോഷ ത്തിന്റെ ഭാഗമായി 12.06.2018 ൽ ഒരു പോസ്റ്റർ രചനാ മത്സരം സംഘടിപ്പിക്കുന്നു.

പ്രസ്തുത മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 1500, 1000, 750 എന്ന ക്രമത്തിൽ ക്യാഷ് പ്രൈസുകൾ നൽകുന്നതാണ്. ഒപ്പം ഒന്നാം സ്ഥാനം നേടുന്ന കോളേജിന് ഒരു എവർ റോളിംഗ് ട്രോഫിയും നൽകുന്നതായിരിക്കും.

താങ്കളുടെ കോളേജിൽ നിന്ന് കുട്ടികളെ പങ്കെടുപ്പിച്ച് പ്രസ്തുത പരിപാടി വിജയിപ്പിക്കണം എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്,

പ്രവീൺ ആർ.
അസിസ്റ്റന്റ് പ്രൊഫസർ
കോഡിനേറ്റർ, സൂര്യകാന്തി നേച്ചർ ക്ലബ്ബ്

ഡോ. റാണി എസ്.
പ്രിൻസിപ്പാൾ

# നിയമാവലി.

1. 12.06.2018 ഉച്ചയ്ക്ക് 1 മണിയ്ക്ക് പോസ്റ്റർ രചനാമത്സരം ശ്രീനാരായണ ട്രെയിനിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ ആരംഭിക്കുന്നതായിരിക്കും.
2. ഒരു കോളേജിൽ നിന്ന് പരമാവധി രണ്ടു കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.
3. അന്നേദിവസം 12.30 ന് തന്നെ മത്സരാർത്ഥികൾ പ്രിൻസിപ്പാളിന്റെ കത്ത് / ഐഡന്റിറ്റി കാർഡ് സഹിതം രജിസ്റ്റർ ചെയ്യേണ്ടതാണ്.
4. തത്സമയം നടക്കുന്ന രചനാ മത്സരം രണ്ടു മണിക്കൂറിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.
5. ജലച്ഛായം (വാട്ടർകളർ) ആണ് മീഡിയം. കളർ, ബ്രഷ്, മറ്റ് ഉപകരണങ്ങൾ ഇവ മത്സരാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്.
6. പോസ്റ്റർ രചനയ്ക്കുള്ള പേപ്പർ മത്സര സ്ഥലത്ത് നൽകുന്നതായിരിക്കും.
7. ‘പ്ലാസ്റ്റിക് മലിനീകരണം’ എന്നതാണ് പോസ്റ്റർ രചനയ്ക്കുള്ള വിഷയം.
8. എവർ റോളിംഗ് ട്രോഫി - ഒരു വർഷത്തിന് ശേഷം കൃത്യമായും കേടുപാടുകൾ കൂടാതെ തിരിച്ചു നൽകേണ്ടതാണ്.
9. ബന്ധപ്പെടേണ്ട ഫോൺ നമ്പർ. പ്രവീൺ ആർ. - 944 65 33234, 944 79 33199. മത്സരത്തിന് ഒരു ദിനം മുന്നേ ഈ നമ്പരുകളിൽ ഒന്നിൽ ബന്ധപ്പെട്ട് പങ്കാളിത്തം ഉറപ്പാക്കുക.